ഉത്തരം

പെട്രോൾ, ഡീസൽ എന്നിവയ്ക്ക് എണ്ണക്കമ്പനികൾ വിൽക്കുന്ന വിലയുടെ ഒരു നിശ്ചിത ശതമാനമാണ് വില്പന നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ പെട്രോളിന്റെ വില്പന നികുതി നിരക്ക് 28.72 ശതമാനവും ഡീസലിന്റേത് 22.07 ശതമാനവുമാണ്. നിലവിൽ ഒരു ലിറ്റർ പെട്രോളിന് 14.29 രൂപയും ഡീസലിന് 9.88 രൂപയുമാണ് (എറണാകുളം ജില്ല) വിൽപ്പന നികുതിയായി ചുമത്തുന്നത്.

പണയ സ്വർണ്ണം ലേലം നടത്തിയതിൽ വാറ്റ് ചുമത്തിയ നടപടി

144 (4135) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലുവ അർബൻ ബാങ്കിൽ പണയ സ്വർണ്ണം ലേലം നടത്തിയതിൽ വാറ്റ് ചുമത്തിയതിനെതിരെ ബാങ്ക് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷയിൽ സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തോ എന്നറിയിക്കുമോ?

ഉത്തരം

അപേക്ഷ സർക്കാർ വാണിജ്യ നികുതി കമ്മീഷണറുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരുന്നു.

വില്പന നികുതി വരുമാനത്തിൽ ആനുപാതികമായ വർദ്ധന ഉണ്ടാകാതിരുന്നതിന്റെ കാരണങ്ങൾ

145 (4136) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് സംസ്ഥാന വില്പന നികുതി വരുമാനത്തിൽ ആനുപാതികമായ വർദ്ധന ഉണ്ടാകാതിരുന്നതിന്റെ പ്രധാന കാരണങ്ങൾ അറിയാമോ ; വിശദമാക്കാമോ ;

(ബി) ഈ വർഷം ഓണക്കാലത്ത് വില്പന നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വരുമാനം എത്രയായിരുന്നു ; ലഭിച്ചത് എത്ര; കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ഇതേ കാലയളവിൽ എത്ര ശതമാനമായിരുന്നു ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം നികുതികളായിരുന്നു വർദ്ധിപ്പിച്ചിട്ടുണ്ടായിരുന്നത്; അതിന്റെ പശ്ചാത്തലത്തിൽ നികുതി വർദ്ധന എത്ര ശതമാനമായി ഉയരേണ്ടതുണ്ടായിരുന്നു ; എന്നിട്ടും ആനുപാതിക വളർച്ച ഉണ്ടാകാതിരുന്നത് ഏതെല്ലാം കാരണങ്ങൾ കൊണ്ടായിരുന്നു ?

LIBRARY ARCHIVES Kerala Legislative Assembly